## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. ടി. 3423 — 29-01-2014-ൽ മറുപടിക്ക്

### കാഞ്ഞങ്ങാട് മണ്ഡലത്തിലെ അംഗീകാരമുള്ള അറവുശാലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ: | **ഡോ. എം.കെ. മുനീർ,**<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| എ) അറവുശാലകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) പി.സി.എ. (പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി ടു ആനിമൽസ്) യുമായി ബന്ധപ്പെട്ട് ഭാരത സർക്കാരിന്റെ 2001 മാർച്ച് 26-ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള മാനദണ്ഡങ്ങളാണ് അറവുശാലകൾക്ക് അംഗീകാരം നൽകാൻ സ്വീകരിക്കുന്നത്. പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി ടു ആനിമൽസ് (സ്ലോട്ടർ ഹൗസ്) റൂൾസ് 2001-ന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു. |
| ബി) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ അംഗീകാരമുള്ള എത്ര അറവുശാലകളുണ്ടെന്ന് പഞ്ചായത്തും നഗരസഭയും തിരിച്ച് കണക്കുകൾ നൽകാമോ; | ബി) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ അംഗീകാരമുള്ള അറവുശാലകൾ പ്രവർത്തിക്കുന്നില്ല. അതേ സമയം കാഞ്ഞങ്ങാട് നഗരസഭയിൽ അംഗീകാരമുള്ള ഒരു അറവുശാല പ്രവർത്തിക്കുന്നുണ്ട്. |
| സി) അംഗീകാരമില്ലാത്ത അറവുശാലകൾക്കെതിരെ നടപടി സ്വീകരിക്കാനുള്ള അധികാരം ആർക്കെല്ലാമാണെന്ന് വ്യക്തമാക്കാമോ? | സി) അംഗീകാരമില്ലാത്ത അറവുശാലകൾക്കെതിരെ നടപടി സ്വീകരിക്കാനുള്ള അധികാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരിലാണ് നിക്ഷിപ്തമായിട്ടുള്ളത്. കൂടാതെ എല്ലാ ജില്ലാ കളക്ടർമാർക്കും, റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ അധികാരം വിനിയോഗിക്കുന്ന മറ്റ് അധികാരകേന്ദ്രങ്ങൾക്കും, ക്രിമിനൽ നടപടിക്രമം അനുസരിച്ചും, എല്ലാ പോലീസ് ഓഫീസർമാർക്കും, കേരള പോലീസ് ആക്ട് പ്രകാരവും നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

ലൈബ്രറിയിൽ